പ്ലസ്ടുവിന് ഗ്രേഡിംഗ് സമ്പ്രദായവും നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യ പുസ്തക വിതരണവും

25 [1423] ശ്രീ. റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടുവിന് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് മൂല്യനിർണ്ണയരീതിയും സിലബസും പരിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇത്തരം പരിഷ്കാരം നടപ്പാക്കുമ്പോൾ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) അടിക്കടിയുള്ള സിലബസ്മാറ്റവും പുസ്തകമാറ്റവും നിർദ്ധനരായ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഹയർസെക്കണ്ടറി തലത്തിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2005-2007 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) & (സി) ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഹയർസെക്കണ്ടറി വകുപ്പുതലത്തിൽ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ആയത് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

(ഡി) & (ഇ) സിലബസും പുസ്തകങ്ങളും മാറുന്നത് നിർദ്ധനരായ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കാനിടയില്ലെങ്കിലും ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ അത് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്.

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളുടെ സുരക്ഷിതത്വത്തിന് നടപടി

26 [1424] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, എം. പി. ഗംഗാധരൻ :
,, കെ. എ. ചന്ദ്രൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly